# അക്കാദമിക മാസ്റ്റർപ്ലാൻ

**2025 - 2026**



എം.ടി.എസ്.എസ്.എൽ.പി.എസ്

മൂങ്ങോട്, ചണ്ണപ്പേട്ട

# ഉള്ളടക്കം


1. ആമുഖം 4
2. അടിസ്ഥാന വിവരങ്ങൾ 6
3. വിദ്യാലയ ചരിത്രം 7
4. കാഴ്ചപ്പാട് 8
5. പൊതുലക്ഷ്യങ്ങൾ 10
6. **പ്രവർനത്തന വിശദാംശങ്ങൾ**

<u>മേഖല</u>

ഇംഗ്ലീഷ് 12

മലയാളം 16

ഗണിതം 21

പരിസര പഠനം 24

7. **സ്റ്റാൻഡേർഡ് - I**

പ്രവർത്തന കലണ്ടർ 30

ഇംഗ്ലീഷ് 31

മലയാളം 32

പരിസര പഠനം 34

**സ്റ്റാൻഡേർഡ് - II**

വാർഷിക ആസൂത്രണം 36

അക്കാദമിക പ്രവർത്തനങ്ങൾ 40

മലയാള മധുരം 41

സംയുക്ത ഡയറി 43

സചിത്ര പുസ്തകം 46

റീഡേഴ്സ് തീയേറ്റർ 48

നാട്ടു വിശേഷം കൂട്ടെഴുത്ത് 50

ക്ലാസ് പത്രം 52

ഭാഷോത്സവം 54

രചനോത്സവം 56

ശില്പശാല 58

## സ്റ്റാൻഡേർഡ് - III


| | |
|---|---|
| മലയാളം | 59 |
| ഗണിതം | 61 |
| പരിസര പഠനം | 63 |
| ഇംഗ്ലീഷ് | 65 |


## സ്റ്റാൻഡേർഡ് - IV


| | |
|---|---|
| ലക്ഷ്യങ്ങൾ | 67 |
| പ്രവർത്തന കലണ്ടർ | 69 |
| കാവ്യോത്സവം | 72 |
| റീഡേഴ്സ് തീയേറ്റർ | 75 |
| സർഗ്ഗാത്മക ഡയറി | 77 |
| ഇംഗ്ലീഷ് | 79 |
| ഗണിതം | 81 |
| പരിസര പഠനം | 82 |
| മലയാളം | 83 |
| ആവശ്യമുള്ള പ്രവർത്തനങ്ങൾ | 85 |
| പഞ്ചായത്ത്തലം | 86 |
| കായിക വിദ്യാഭ്യാസം | 87 |
| കലാവിദ്യാഭ്യാസം | 88 |
| ഭൗതിക സൗകര്യ വികസന ആസൂത്രണ രേഖ | 89 |
| ഉപസംഹാരം | 90 |

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കുടുതൽ ശക്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2025-2026 വർഷത്തെ മൂങ്ങോട് എം.ടി.എസ്.എസ്.എൽ.പി. സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വികസനോൻമുഖമായ ഒരു സമൂഹ നിർമിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപന ചെയ്യേണ്ടതുണ്ട്. അതിന് വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും, ആധുനിക പഠന പ്രവർത്തനങ്ങൾക്കനുസൃതമായ ക്ലാസ്മുറികളും സജ്ജീകരിക്കേണ്ടതുണ്ട്. അതിലേക്ക് സാമൂഹ്യ പങ്കാളിത്തം സായത്തമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിൽ സ്കൂൾ മാനേജ്മെന്റ് PTA, SMC, LSGD അംഗങ്ങൾ പൂർവ്വവിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സജീവമായ ഇടപെടലുകളും നിർദ്ദേശങ്ങളും ലഭ്യമായിരുന്നു. ഇത് സമഗ്രമായ ഒരു അക്കാഡമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ഏറെ സഹായകമായി.

ഒരോ ക്ലാസിലേയും വ്യത്യസ്ത അക്കാദമിക നിലവാരമുള്ള കുട്ടികളെ വെവ്വേറെ പരിഗണിച്ച് കൊണ്ടാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. പിന്നോക്കക്കാരനെ കൂടി മുന്നോക്കക്കാരനാക്കി മാറ്റാനുള്ള ഒരു ശ്രമം കുടിയാണ് ഇതിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്.

തികച്ചും സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന കുടുംബങ്ങളിലെ കുട്ടികളാണ് നമ്മുടെ സ്കൂളിൽ ഭൂരിഭാഗവും.അവർക്ക് പഠന സാമിഗ്രികൾ ലഭ്യമാക്കുക, യാത്രാചെലവ് കണ്ടെത്തുക, പ്രഭാത ഭക്ഷണം നൽകുക എന്നിവ ഞങ്ങൾ നേരിടുന്ന വെല്ലുവിളികളാണ് ഒപ്പം മെച്ചപ്പെട്ട ക്ലാസ്മുറികളുടെ വികസനവും. ഇവക്ക് പരിഹാരം കണ്ടെത്തുന്ന രീതിയാണ് ഈ മാസ്റ്റർപ്ലാൻ രൂപ കല്പന ചെയ്തിരിക്കുന്നത്. കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും കലാകായിക മത്സരങ്ങളിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവെക്കുന്നതിനും ശാസ്ത്രമേളകളിൽ പൂർണപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വിദ്യാർത്ഥികളുടെ ശാരീരിക മാനസിക ബൗദ്ധിക മേഖലകളിലെ വികസനത്തിന് ഉതകുന്ന രീതിയിൽ അധ്യയനം മെച്ചപ്പെടുത്തുവാൻ പര്യാപ്തമായ ക്ലാസ്മുറികളും ഭൗതിക സൗകര്യങ്ങളും സൃഷ്ടിക്കുവാൻ ഈ മാസ്റ്റർപ്ലാൻ ഉതകുമെന്ന് കരുതുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എം.ടി.എസ്.എസ്.എൽ.പി.എസ്, മുങ്ങോട്, ചണ്ണപ്പേട്ട |
| വില്ലേജ് | : | ചണ്ണപ്പേട്ട |
| ഉപജില്ല | : | അഞ്ചൽ |
| വിദ്യാഭ്യാസ ജില്ല | : | പുനലൂർ |
| റവന്യൂ ജില്ല | : | കൊല്ലം |
| വർഷം | : | 2025-2026 |

## വിദ്യാലയ ചരിത്രം

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അലയമൺ ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ മുങ്ങോട് മുറിയിൽ സ്ഥിതി ചെയ്യുന്ന എം.ടി.എസ്.എസ്. എൽ.പി.എസ് 1919 ലാണ് സ്ഥാപിതമായത്. ഈ സ്കൂളിന്റെ ആദ്യ മാനേജർ ശ്രീ.വേലുപിള്ള ആയിരുന്നു. കുറെകാലം കഴിഞ്ഞ് സ്കൂൾ സണ്ടേ സ്കൂൾ സമാജത്തിനു വിട്ടുകൊടുത്തു. തുടർന്ന് തെങ്ങുവിള ഉമ്മച്ചൻ മുതലാളി 85 സെന്റ് സ്ഥലം സ്കൂളിന് ദാനമായി നല്കി. പിന്നീട് 1972 ൽ 140 അടി നീളമുള്ള കെട്ടിടം മാനേജ്മെന്റിന്റെയും, നാട്ടുകാരുടെയും അധ്യാപകരുടെയും സഹായത്താൽ പണിയുകയും പ്രവർത്തനം സുഗമമായി നടന്നുവരുകയും ചെയ്യുന്നു. ശ്രീ.കുരുവിള മാത്യു മാനേജറായും പ്രവർത്തിക്കുന്നു. ഹെഡ്മാസ്റ്ററായി ശ്രീ.ജോസ്ജോണും സേവനമനുഷ്ഠിക്കുന്നു.

## കാഴ്ചപ്പാട്

1. [illegible]

2. [illegible]

3. [illegible]

4. [illegible]

5. [illegible]

6. [illegible]

7. [illegible]

8. [illegible]

9. [illegible]

10. [illegible]

11. സംഗീതം, ചിത്രം തുടങ്ങിയ കലകളിലും സർഗ്ഗാത്മക രചനയിലുമുള്ള വാസനക കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഇത്തരം കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ.

12. വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും.

13. ജീവിതശൈലി രോഗങ്ങൾ വരാതിരിക്കുവാൻ സ്കൂൾ പ്രായത്തിൽ വ്യായാമത്തിനും കളികൾക്കും പ്രത്യേക പരിഗണ നൽകും.

14. ലഹരി വിരുദ്ധ പ്രവർത്തനം, മാലിന്യ സംസ്കരണം, പരിസ്ഥിതി പ്രവർത്തനം, സാമൂഹിക സേവന പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ സ്കൂൾ പാർലമെന്റിന്റെ സജീവപങ്കാളിത്തം ഉറപ്പാക്കും.

15. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ കൃഷിരീതികൾ കുട്ടികളെ പരിചയപ്പെടുത്തും.

16. വിദ്യാർത്ഥികളുടെ സഹായത്തോടെ ജൈവകൃഷി പരിപോഷിപ്പിക്കും.

# പൊതുലക്ഷ്യങ്ങൾ

1. മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത മേഖലകളിലും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല അടിസ്ഥാനത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. എൽ.കെ.ജി മുതൽ നാലാം ക്ലാസുവരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും, വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ട് പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുമുള്ള പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും, അധ്യായനവും സർഗ്ഗാത്മകവും രസവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
5. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയ്ക്കും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് ഉറപ്പാക്കുക.
6. തുല്യതയ്ക്കും, ഗുണതയ്ക്കും ഊന്നൽ നൽകും.
7. കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് മികവ് തെളിയിക്കുന്നതിനുള്ള അവസരം.
8. "കാമ്പസ് ഒരു പാഠപുസ്തകം" എന്ന രീതിയിൽ സ്കൂൾ കാമ്പസിനെ മാറ്റിയെടുക്കും.
9. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തുക.
10. പാഠ്യേതര വിഷങ്ങളിൽ വൈവിധ്യവും, ആർജ്ജവും കൈവരിക്കും.
11. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
12. വിദ്യാലയത്തിൽ ജനാധിപത്യവൽക്കരണം അർഥ പൂർണ്ണമാക്കും.
13. സ്കൂൾ വായനശാലകളും, ലബോറട്ടറികളും ആധുനികവൽക്കരിക്കും.
14. കുട്ടികളിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തുക.
15. ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക.

# ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

1. പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും)
2. ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ)
3. എസ്.ആർ.ജി യോഗത്തിലെ ക്ലാസനുഭവ റിപ്പോർട്ട് അവതരണം.
4. കുട്ടികളുടെ പ്രകടനങ്ങളും പഠന തെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.
5. ഓരോ കുട്ടിയുടെയും പഠനപുരോഗതി വിലയിരുത്തലും തുടർ പ്രവർത്തനാസൂത്രണവും.
6. സചിത്ര നോട്ട് ബുക്ക്, സചിത്ര ആസൂത്രണ കുറിപ്പ് എന്നിവ തയ്യാറാക്കൽ.
7. സചിത്ര ഡയറി സംയുകത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
8. പോക്സോ സംബന്ധമായ ബോധന ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകുക.
9. കുട്ടിക്ക് സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനും അധ്യാപക-രക്ഷാർകത്ത്യ വിലയിരുത്തലുകൾ രീതികൾ ബോധ്യപ്പെട്ട് കൂടുതൽ പിന്തുണ ഉറപ്പാക്കുക.
10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ.
11. വായനോത്സവും, രചനോത്സവും.

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് |
| 2 | മലയാള മധുരം | ജൂൺ-മാർച്ച് |
| 3 | സംയുക്ത ഡയറി | ജൂൺ-മാർച്ച് |
| 4 | പാട്ടരങ്ങ് | ജൂൺ-മാർച്ച് |
| 5 | സചിത്ര പുസ്തകം | ജൂൺ-മാർച്ച് |
| 6 | റീഡേഴ്സ് തിയേറ്റർ | ജൂലൈ -മാർച്ച് |
| 7 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ -മാർച്ച് |
| 8 | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9 | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ മാസം തോറും |
| 10 | ഭാഷോത്സവം | ജനുവരി |
| 11 | ഗണിതകിറ്റ്, ഗണിതമൂല | ജൂൺ |
| 12 | ഗണിതം-സചിത്ര നോട്ട്ബുക്ക് | ജൂൺ-മാർച്ച് |
| 13 | Hello English Adaptation | ജൂൺ-മാർച്ച് |
| 14 | ക്ലാസ്സ്തല ബാലസഭ | എല്ലാ വെള്ളിയാഴ്ചകളിലും |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

### ക്ലാസ്സ് ഒന്ന്

### ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-2026 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളേയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എവുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാവസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപ്പെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഏരോ കുട്ടിക്കും സാധ്യമാകുന്നു. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനസൗകര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു

### വിഷയം-മലയാളം

### ലക്ഷ്യങ്ങൾ

- ഒന്നാംക്ലാസ്സിലെ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക
- എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു
- പത്രം തയ്യാറാക്കുന്നു
- സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| | ചിത്ര വായന | | | |
| വായന | • വിവിധതരം ചിത്രങ്ങൾ കാണിച്ച് കുട്ടികളെ പ്രാപ്തരാക്കുന്നു<br>• വായനമൂല ഒരുക്കൽ<br>• പതരവായന<br>• വായനകാർഡ് തയ്യാറക്കൽ | | | |
| ലേഖനം | • ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു<br>• സചിത്ര ബുക്ക്, സംയുക്ത ഡയറി എഴുത്ത് | | | |

# BIOVISION

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാള മായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം<br>റോൾ പ്ലേ | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | SSA |

# വാർഷിക ആസൂത്രണം

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
| --- | --- | --- | --- |
| ജൂൺ | • അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം<br>• പ്രവേശനോത്സവ ദിനം<br>• ക്ലാസ്സ് പി.റ്റി.എ തീയതികൾ (തീയതി എഴുതി ചേർക്കണം)<br>• നിർവഹണ ഉദ്ഘാടനം(തീയതി)<br>• പഠനോപകരണം നിർമ്മാണ ശില്പ ശാല (തീയതി)<br>• ക്ലാസ്സ് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം(തീയതി)<br>• ഡോക്യുമെന്റേഷൻ തുടക്കം | മഴയോമഴ<br>An umbrella for all | 20 |
| ജൂലൈ | • പഠനോപകരണം നിർമ്മാണ ശില്പ ശാല രണ്ട് (തീയതി എഴുതി ച്ചർക്കുക)<br>• സംയുക്തഡയറി ആരംഭിക്കൽ<br>• ക്ലാസ്സ് പി.റ്റി.എ യോഗം വിലയിരുത്തൽ | നന്നായി ഉണ്ണാൻ<br>മഴകവിതകൾ<br>നിറം നൽകാം<br>പദസൂര്യൻ<br>An umbrella for all | 20 |
| ആഗസ്റ്റ് | • പഠനോപകരണം നിർമ്മാണ ശില്പ ശാല മൂന്ന് (തീയതി)<br>• രചനോത്സവം<br>• പാഠങ്ങളിൽ നിന്നും ബാലസാഹത്യ കൃതികളിലേക്ക് ക്ലാസ്സ് പി.ടി.എ യിൽ കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ<br>• വായനോത്സവം | എന്താണമ്മേ സ്വാതന്ത്ര്യം<br>ജലസ്രോതസ്സുകൾ<br>നാടിൻ സമ്പത്ത് കൃഷി ഉപകരണങ്ങൾ<br>A Peace of cake<br>വരികൾ കുട്ടി ചേർക്കാം | 20 |

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| സെപ്തംബർ | • കഥകൾ, സംഭാഷണങ്ങൾ അവതരണം<br>• ഡയറി എഴുത്ത്<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• പട്ടിക വിശകലനം<br>• ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങളേക്കാൾ<br>• Mask making, Role Plays | എന്താണമ്മേ സ്വാതന്ത്ര്യം<br><br>പൂരം പൊടിപൂരം<br>ചാച്ചാജി<br>അമ്മയും മകളും<br><br>A Peace of cake<br>The village of Birds | 15 |
| ഒക്ടോബർ | • കഥകൾ, സംഭാഷണങ്ങൾ, ചിഹ്നങ്ങൾ ചേർക്കൽ കുട്ടികവിതകൾ<br>• 100 ന്റെ കൂട്ടങ്ങളാക്കൽ<br>• സംഖ്യകൾ താരതമ്യം | പൂരം പൊടിപൂരം<br>രുചിമേളം<br><br>പൂരം പൊടിപൂരം | 19 |
| നവംബർ | • മുഖമൂടി നിർമ്മാണം സംഭാഷണം രൂപപ്പെടുത്തൽ ദൃശ്യാവിഷ്കാരം<br>• Conversation<br>• Role Plays<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• താരതമ്യം ചെയ്യൽ<br>• പട്ടികപ്പെടുത്തൽ | പറക്കും വീട്<br><br>മണിയന്റെ യാത്ര<br>പൂരം പൊടിപൂരം<br><br>The village of Birds<br>Star in the Jar | 20 |

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യ പ്രസ്താവനകൾ**

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

# അക്കാദമിക മാസ്റ്റർപ്ലാൻ

ക്ലാസ് 2

വിദ്യാലയത്തിന്റെ പേര് : എം.ടി.എസ്.എസ്.എൽ.പി.എസ്, മൂങ്ങോട്, ചണ്ണപ്പേട്ട

അധ്യാപകന്റെ പേര് : ജോസ്ജോൺ

## അക്കാദമിക പ്രവർത്തനങ്ങൾ

1. എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങൾ എഴുതുവാൻ കഴിവ് നേടുന്നു.
2. എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവ് നേടുന്നു.
3. എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുന്നു.
4. രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു.
5. ആകർഷവും സമഗ്രവുമായ നോട്ട് ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു.
6. ആശയാവതരണ രീതിയുടെ പ്രായോഗികതയും സാധ്യതയും ഗവേഷാണാത്മകമായി പരിശോധിക്കുന്നു.
7. സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
8. പരിസരപഠനുവുമായി ബന്ധപ്പെട്ട ലഘു നിർമ്മാണ പ്രോജക്ടുകളിൽ ധാരണ നേടുക.
9. സചിത്ര നോട്ട് ബുക്കിന്റെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാശേഷികൾ ആർജ്ജിക്കുക.

# സചിത്ര പുസ്തകം

2025-26 വർ.ത്തിൽ രണ്ടാം ക്ലാസ്സിലെ യൂണിറ്റുകളെല്ലാം പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വുകസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നട പ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലേക്കണ്ട തുണ്ട്.

**ലക്ഷ്യ പ്രസ്താവനകൾ**

- രണ്ടാം ക്ലാസ്സിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടി സ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു (2024 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ ( 2025 ജൂൺ 10)
- ഏകദിന രക്ഷാകർതൃ ശില്പശാല -സചിത്ര പാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉർപ്പാക്കലും (2025 ജൂൺ 16)
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗ ങ്ങൾ,വിലയിരുത്തൽ എല്ലാ മാസവും
- രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം ( ആഗസ്റ്റ്, 2025 ഡിസംബർ)
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം

# റീഡേഴ്സ് തീയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടി കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാഷാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഏരോ കുട്ടിയും അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠന തന്ത്ര ങ്ങൽ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തീയറ്റേർ.

**ലക്ഷ്യ പ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തീയറ്റർ പ്രവർത്തനങ്ങ ളൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭ ങ്ങളെ റീഡേഴ്സ് തീയറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- റീഡേഴ്സ് തീയറ്റേർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ(2025 ജൂൺ)
- ക്ലാസ്സ് പു.റ്റി.എ യിൽ റീഡേഴ്സ് തീയറ്റേർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2025 ജൂൺ മീന്നാം വാരം)
- ഏകദിന റീഡേഴ്സ് തീയറ്റർ ശില്പശാല 2025 ജൂലൈ രണ്ടാംവാരം)
- എല്ലാ കുട്ടികളെയുംപങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തീയറ്റർ സങ്കേതം ഉപയോ ഗിച്ച് അവകരിപ്പിക്കുക (2025 ജൂലൈ ,2025 മാർച്ച്)
- മികച്ച അവതരണങ്ങൽ ക്ലാസ്സ് , സ്കൂൾതല സങകളിൽ അവതരിപ്പിക്കാൻ അവസരം (, 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2025 മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- റീഡേഴ്സ് തീയറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്.ആർ.ജി ക്ലാസ്സ് പി.റ്റി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

## ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു . പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)

## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസ്സിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

**ലക്ഷ്യപ്രസ്താവന**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമയ ഇടവേളകളിൽ ക്ലാസ്തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്.ആർ.ജി യിൽ അംഗികാരം വാങ്ങുന്നു.(ജൂൺ രണ്ടാം വാരം)
- സി.പി.ടി.എ യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ മൂന്നാം വാരം)
- പ്രതിമാസ രചനോത്സവം(ജൂലൈ, ഫെബ്രുവരി)
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2025 സെപ്തംബർ, ഡിസംബർ, മാർച്ച്-2026)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ മാർച്ച് 2026

**വിലയിരുത്തൽ**

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

# അക്കാദമിക് മാസ്റ്റർപ്ലാൻ

എം.റ്റി.എസ്.എസ്.എൽ.പി.എസ്, മൂങ്ങോട് ക്ലാസ് 3

## മലയാളം

ലക്ഷ്യങ്ങൾ:-

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...മുതലായവ ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കും (വിവരണം. സംഭാഷണം)

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-

ജൂൺ - ജൂലായ്

കനകച്ചിലങ്ക

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം

- കഥാശേഖരം -ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

- പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

-
-

# അക്കാദമിക് മാസ്റ്റർപ്ലാൻ

## എം.റ്റി.എസ്.എസ്.എൽ.പി.എസ്, മൂങ്ങോട് - ക്ലാസ് 3

## ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ് ിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തന ങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലല പരവും ദിശാ പരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിൻറെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മന ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട് .

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെൻറീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടാപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്ത യോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്-4

### പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : എം.ടി.എസ്.എസ് എൽ.പി.എസ്, മൂങ്ങോട്

ക്ലാസ് അധ്യാപികയുടെ പേര് : റീജ.ബി.എൽ

നാലാം ക്ലാസ്സിലെ കുട്ടികളുടെ
എണ്ണം : 8

പ്രത്യേക പരിഗണന
ആവശ്യമുള്ളകുട്ടികളുടെ
എണ്ണം : 4

# ക്ലാസ് പി.റ്റി.എ യോഗങ്ങൾ

വിദ്യാലയങ്ങളിൽ പ്രതിമാസ ക്ലാസ് പി.റ്റി.എ കൾ പതിവായി നടന്നു വരുന്നുണ്ട്. എന്നാൽ കേവലമായ മീറ്റിംഗുകൾക്കപ്പുറം ക്ലാസ്സ് പ്രവർത്തനങ്ങളിൽ അധ്യാപകർക്കും കുട്ടികൾക്കും മികച്ച പിന്തുണ ഉറപ്പാക്കുന്ന വിധത്തിലേക്ക് ക്ലാസ് പി.ടി.റ്റി.എ കളെ ഉയർത്തി അവയെ കൂടുതൽ സജീവവും പ്രവർത്തനാധിഷ്ഠതവും ഗവേഷണാത്മകവുമായി മാറ്റേണ്ടതുണ്ട്

ലക്ഷ്യങ്ങൾ

- ക്ലാസ് പി.റ്റി.എ കളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പിക്കുക.
- ഏകപക്ഷിയമായ അവതരണത്തിനു പകരം പ്രവർത്തനങ്ങളിലൂടെ പഠനലക്ഷ്യങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുക.
- അധ്യാപകർക്ക് പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് രക്ഷിതാക്കളുടെ സജീവ പിന്തുണ ഉറപ്പിക്കുക.
- ക്ലാസ് പി.റ്റി.എ കളെ കുട്ടികളുടെ മികവിന്റെ പ്രകടന ഇടമായി മാറ്റുക
- അക്കാദമിക പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് മികച്ച പിന്തുണ നൽകുന്ന സഹപഠിതാവ് എന്ന നിലയിലേക്ക് രക്ഷിതാക്കളെ ഉയർത്തുക.
- ഉത്പന്ന വിശകലനം, സിമുലേഷൻ, വീഡിയോ പ്രദർശനം, വിദഗ്ധരുടെ ക്ലാസ് തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്തി ക്സാസ് പി.റ്റി.എ കൾ വൈവിധ്യമുള്ളതാക്കുക.

പ്രവർത്തനം

- ജൂണിലെ ആദ്യ ക്ലാസ് പി.റ്റി.എ യിൽ 2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനവും പ്രവർത്തനാധിഷ്ഠിതമായി നിർവഹണോദ്ഘാടനവും നടത്തണം.
- വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച് കുട്ടികൾക്ക് ലഭിക്കേണ്ട രക്ഷാകർത്തൃ പിന്തുണ ഉറപ്പാക്കണം.
- സമാന ആശയമുള്ള കവിതകളും പാട്ടുകളും കണ്ടെത്തുന്നു.
- കവിതകൾക്ക് ആശയതുടർച്ചയുള്ള വരികൾ താളക്രമം പാലിച്ച് കൂട്ടിച്ചേർക്കുന്നു.

BioVision

## മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

BioVision

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ കലാവിദ്യാഭ്യാസം

## (STD I to IV)

| ക്രമ. നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | ഭൗതികം |
|---|---|---|---|---|---|
| 1. | കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക | ശില്പശാലകൾ<br>കലാമേളകൾ<br>ബാലവേദി<br>മാഗസിൻ നിർമ്മാണം | 1 വർഷം | SMC<br>PTA<br>BRC | പുസ്തകങ്ങൾ<br>പേപ്പർ<br>സി.ഡി |
| 2. | കലാഭിരുചികൾ കണ്ടെത്തുക | ചിത്രരചനാ ക്യാമ്പ്<br>നാടക കളരി<br>നാടൻപാട്ട് ശില്പശാല | 1 വർഷം | SMC<br>PTA<br>BRC | പുസ്തകങ്ങൾ<br>പേപ്പർ<br>ചാർട്ട് |
| 3. | ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന് അവസരമൊരുക്കുക | പ്രവർത്തന പരിചയ ക്ലാസ്<br>ടാലന്റ് ക്ലാസ് | 1 വർഷം | SMC<br>PTA<br>പൂർവ്വ വിദ്യാർത്ഥികൾക്കും | പേപ്പർ<br>പുസ്തകങ്ങൾ |
| 4. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ കലാ പരിശീനത്തിനായി പ്രയോജനപ്പെടുത്തുക | ഐ.സി.റ്റി സാധ്യത<br>സ്ലൈഡ് പ്രദർശനം | 1 വർഷം | SMC BRC<br>PTA | സി.ഡി<br>സ്ലൈഡ് |

## ഉപസംഹാരം

വിദ്യാലത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്. "**അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്**" എന്ന മുദ്രാവാക്യം മുൻനിർത്തിയാണ് പ്രവർത്തനങ്ങൾ സജ്ജമാക്കി യിട്ടുള്ളത്. ഈ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ സർവ്വ തോത്മുഖമായ വികാസത്തിന് തുല്യ അവസരങ്ങൾ ലഭ്യമാക്കും. കുട്ടികളിൽ ശാസ്ത്രീയമനോഭാവം ഉളവാക്കുവാനും ശാസ്ത്രാഭിരുചി വളർത്തുവാനും ഉതകുന്ന രീതിയിലാണ് "**ശാസ്ത്രലാബ്**" ക്രമീകരിച്ചിരിക്കുന്നത്. വിദ്യാലയ ത്തിലെ മികച്ച പഠനപ്രവർത്തനങ്ങളും, മികവിന്റെ ഘട്ടങ്ങളും യഥാസമയം സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിച്ച് സമൂഹത്തിന്റെ ശ്രദ്ധ പിടിച്ച് പറ്റു വാനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഭൗതികമായ വികസന പ്രവർത്തനങ്ങളും ഉൾകൊള്ളിച്ചിട്ടുണ്ട്. അധ്യാപക-രക്ഷാകർത്തൃസമിതികൾ, പൂർവ്വവിദ്യാർത്ഥി കൾ, ജനപ്രതിനിധികൾ തുടങ്ങി എല്ലാ വ്യക്തികളുടെയും കൂട്ടായ പ്രയത്ന ത്തിലൂടെ നമ്മുടെ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രമായി പൊതുസമൂഹത്തിന്റെ അംഗീകാരവും ആദരവും പിടിച്ചു പറ്റും എന്നുള്ള ശുഭാപ്തി വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ പൊതു ജന സമക്ഷം സമർപ്പിക്കുന്നു.